"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - Monitoring of Projects of Department of Tourism by Strengthening the District Offices and Directorate of Tourism for the FY 2024-25 - പുനർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.661/2024/TSM തീയതി,തിരുവനന്തപുരം, 16-11-2024

പരാമർശം:-

1. 06.07.2024ലെ സ.ഉ.(സാധാ) നം. 311/2024/ടൂറിസം
2. 17.07.2024ലെ സ.ഉ.(അച്ചടി) നം. 57/2024/ധന
3. 31.08.2024ലെ സ.ഉ.(അച്ചടി) നം. 76/2024/ധന
4. 15.10.2024ലെ സ.ഉ.(സാധാ) നം. 553/2024/ടൂറിസം
5. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 24.10.2024ലെ DOT/8030/2023-P4-Part(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

"Monitoring of Projects of Department of Tourism by Strengthening the District Offices and Directorate of Tourism for the FY 2024-25" എന്ന പദ്ധതിക്കായി ₹1,77,16,000/- (ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) 5452-01-101-99-00-34-03 Upgradation, Creation of Infrastructure and Amenities (Plan) & 5452-01-101-99-00-02-04 Upgradation, Creation of Infrastructure and Amenities-Wages for Project Engineers (Plan) എന്ന ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കാൻ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം (2), (3) എന്നിവ പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷയായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ 04.10.2024-ന് ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

3. പ്രോജക്റ്റ് എഞ്ചിനീയർമാരുടെ വേതനം, പദ്ധതികൾക്കായി ജില്ലകളിൽ ഓടുന്ന വാഹനങ്ങൾക്കുള്ള വാടക എന്നിവ അനുവദിക്കേണ്ടത് അത്യന്താപേക്ഷിതമാകയാൽ ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കും മറ്റുമായി ഇനി ആവശ്യമായ ₹88,58,000/- തുകയുടെ ഭരണാനുമതി നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 5452-01-101-99-00-34-03 Upgradation, Creation of Infrastructure and Amenities (Plan) എന്ന ശീർഷകത്തിൽ "Infrastructure developments in various Tourism Destinations Phase I" എന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ ₹5,00,00,000/- (അഞ്ച് കോടി) രൂപയിൽ ശേഷിക്കുന്ന ₹2,92,00,000/- (രണ്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം) രൂപയിൽ നിന്ന് "Monitoring of Projects of Department of Tourism by Strengthening the District Offices and Directorate of Tourism for the FY 2024-25" എന്ന പദ്ധതിക്കായി ₹88,58,000/- (എൺപത്തിയെട്ടു ലക്ഷത്തി അമ്പത്തി എണ്ണായിരം) രൂപയുടെ പുനർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. നിലവിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ കർശനമായി പാലിക്കേണ്ടതും, പദ്ധതിയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 5452-01-101-99-00-34-03 Upgradation, Creation of Infrastructure and

Amenities (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും, ആയത് ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (വ്യയം-ബി) വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ടൂർ-എ1/159/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 18-11-2024 10:45:25
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്